കേന്ദ്രഗവൺമെന്റ്
നിയമ മന്ത്രാലയം

# ഹിന്ദു വസ്തു വിനിയോഗ ആക്റ്റ്, 1916

## (1916-ലെ 15-ാം ആക്റ്റ്)

### (1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ്
പ്രസ് സൂപ്രണ്ട് ആ പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്
1974

കേന്ദ്രഗവൺമെൻറ്
നിയമ മന്ത്രാലയം

सत्यमेव जयते

# ഹിന്ദു വസ്തു വിനിയോഗ ആക്റ്റ്, 1916

## (1916-ലെ 15-ാം ആക്റ്റ്)

**(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)**

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ്
പ്രസ് സൂപ്രണ്ട് ആ പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്
1974

# ഹിന്ദു വസ്തു വിനിയോഗ ആക്റ്റ്, 1916

(1916-ലെ 15-ാം ആക്റ്റ്)

ഹിന്ദുക്കൾക്ക് വസ്തു വിനിയോഗം ചെയ്യുന്നതിനുള്ള അധികാരം സംബന്ധിച്ച് നിലവിലുള്ള ചില അവശതകൾ, അങ്ങനെയുള്ള വിനിയോഗത്തിന്റെ തീയതി അസ്തിത്വമില്ലാത്ത ആളുകളുടെ ഗുണത്തിനായി, നീക്കം ചെയ്യുന്നതിനുള്ള ആക്റ്റ്.

[1916 സെപ്റ്റംബർ, 28]

ഹിന്ദുക്കൾക്ക് വസ്തു വിനിയോഗം ചെയ്യുന്നതിനുള്ള അധികാരം സംബന്ധിച്ച് നിലവിലുള്ള ചില അവശതകൾ, അങ്ങനെയുള്ള വിനിയോഗത്തിന്റെ തീയതി അസ്തിത്വമില്ലാത്ത ആളുകളുടെ ഗുണത്തിനായി നീക്കം ചെയ്യേണ്ടത് സമീചീനമായിരിക്കുകയാൽ, താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. <u>ചുരുക്കപ്പേരും വ്യാപ്തിയും</u>.—(1) ഈ ആക്റ്റിന് ഹിന്ദു വസ്തു വിനിയോഗ ആക്റ്റ്, 1916 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു-കാശ്മീർ സ്റ്റേറ്റ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

2. <u>അസ്തിത്വമില്ലാത്ത ആളുകളുടെ ഗുണത്തിനു വേണ്ടിയുള്ള വിനിയോഗങ്ങൾ</u>.—ഈ ആക്റ്റിൽ വിനിർദ്ദിഷ്ടമായ പരിമിതികൾക്കും വ്യവസ്ഥകൾക്കും വിധേയമായി, ഒരു ഹിന്ദുവിനാലുള്ള യാതൊരു വസ്തു വിനിയോഗവും, അത് ജീവിച്ചിരിപ്പുള്ളവർ തമ്മിലുള്ളതോ മരണശാസനംവഴിയുള്ളതോ ആയ കൈമാറ്റമായിരുന്നാലും, ഏതൊരാളുടെ ഗുണത്തിനു വേണ്ടിയാണോ അത് ഉണ്ടാക്കപ്പെട്ടത്, ആ ആൾക്ക് അങ്ങനെയുള്ള വിനിയോഗത്തിന്റെ തീയതി അസ്തിത്വമുണ്ടായിരുന്നില്ല എന്ന കാരണത്താൽ മാത്രം, അസാധുവാകുന്നതല്ല.

3. <u>പരിമിതികളും ഉപാധികളും</u>.—2-ാം വകുപ്പിൽ പരാമർശിച്ച പരിമിതികളും വ്യവസ്ഥകളും താഴെപ്പറയുന്നവയാണ്, അതായത്:—

(ക) കക്ഷികൾ തമ്മിലുള്ള കൈമാറ്റം വഴിയുള്ള വിനിയോഗങ്ങൾ സംബന്ധിച്ച്, വസ്തു കൈമാറ്റ ആക്റ്റ്, 1882 (1882-ലെ 4) II-ാം അദ്ധ്യായത്തിൽ അടങ്ങിയിട്ടുള്ളവ,

(ഖ) മരണശാസനം വഴിയുള്ള വിനിയോഗങ്ങൾ സംബന്ധിച്ച്, ഇൻഡ്യൻ പിൻതുടർച്ച ആക്റ്റ്, 1925 (1925-ലെ 39) 113, 114, 115, 116 എന്നീ വകുപ്പുകളിൽ അടങ്ങിയിട്ടുള്ളവ.

4. (മുൻ വിനിയോഗത്തിന്റെ നിഷ്ഫലത) വസ്തു കൈമാറ്റ (ഭേദഗതി) അനുപൂരകആക്റ്റ്, 1929 (1929-ലെ 21) 12-ാംവകുപ്പിനാൽ റദ്ദാക്കപ്പെട്ടു.

5. ഈ ആക്ററ് ഖോജാ സമുദായത്തിന് ബാധകമാക്കൽ.—സ്റേററിലോ അതിന്റെ ഏതെങ്കിലും ഭാഗത്തോ ഉള്ള ഖോജാസമുദായത്തിന് ഈ ആക്ററിലെ വ്യവസ്ഥകൾ വ്യാപകമാക്കണമെന്ന് ആ സമുദായം ആഗ്രഹിക്കുന്നതായി സ്റേററ് ഗവൺമെൻറിന് അഭിപ്രായമുള്ളിടത്ത്, സ്റേററ് ഗവൺമെൻറിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഈ ആക്ററിലെ വ്യവസ്ഥകൾ, "ഹിന്ദുക്കൾ" അല്ലെങ്കിൽ "ഹിന്ദു" എന്ന വാക്ക് വരുന്നിടത്തെല്ലാം, അതതു സംഗതി പോലെ, "ഖോജാകൾ" അല്ലെങ്കിൽ "ഖോജാ" എന്ന വാക്ക് പകരം ചേർത്ത്, ആ വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന പ്രദേശത്ത് ആ സമുദായത്തിന് ബാധകമാക്കുന്നതാണെന്ന് പ്രഖ്യാപിക്കാവുന്നതും, അതോടെ ഈ ആക്ററിന്, അതനുസരിച്ച് പ്രഭാവമുണ്ടായിരിക്കുന്നതും ആണ്.

---